സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 61-64

പാലൈ
PALAI பாலை
ISSN No: 3049-0316

# നിത്യവൃത്തി ഏവം സൗന്ദര്യം



**നയൻതാര സിബി***

**സംഗ്രഹം**

അപരിമേയമായ സൗന്ദര്യത്തെ മനുഷ്യബുദ്ധിയുടെ, ഐന്ദ്രിയജ്ഞാനത്തിന്റെ പരിധികൾക്കുള്ളിലേക്കു പരിമിതപ്പെടുത്തി ഗ്രഹിക്കുന്നതാണ് ഒരു വ്യക്തിക്ക് അനുഭൂതമാകുന്ന സൗന്ദര്യം. പാശ്ചാത്യരും പൗരസ്ത്യരുമായ ദാർശനികർ ആ സൗന്ദര്യത്തെ വിശദീകരിക്കാൻ നടത്തിയ വ്യത്യസ്ത ശ്രമങ്ങളാണ് സൗന്ദര്യശാസ്ത്രം എന്ന വിസ്തൃതജ്ഞാനശാഖയെ രൂപീകരിച്ചത്. സൗന്ദര്യം എന്ന അമൂർത്തസത്തയെ കാലാനുസൃതവും ദേശപരവുമായ വീക്ഷണവൈഭിന്യത്തോടെയാണ് ചിന്തകർ സമീപിച്ചിട്ടുള്ളത്. കൃത്യമായ നിർവചനത്തിന്റെ ഒരു പരിധിക്കുള്ളിലും ഒതുങ്ങാതെ പുതുപുതു വ്യാഖ്യാനങ്ങളുമായി സദാ ചലനാത്മകവും നിത്യവികസ്വരവുമായ ഒരു ജ്ഞാനമേഖലയായി സൗന്ദര്യശാസ്ത്രം നിലകൊള്ളുന്നു. നിത്യജീവിതസീമകൾക്കു വെളിയിൽ സ്ഥിതിചെയ്യുന്ന ഒരലൗകികസത്തയാണു സൗന്ദര്യം എന്ന വീക്ഷണം പ്രബലമായിരുന്നു. എന്നാൽ പിന്നീട് ദൈനംദിനജീവിതത്തിനും അതിന്റേതായ സൗന്ദര്യമുണ്ടെന്ന് സമൂഹം തിരിച്ചറിഞ്ഞുതുടങ്ങി. ഇതിനു ദൃഷ്ടാന്തങ്ങൾ കലയിലും സാഹിത്യത്തിലും ദർശിക്കാനാകും. മാർക്സിസവും മനോവിശ്ലേഷണവും ജനതയുടെ ദിനവൃത്തികളുടെ പ്രാധാന്യം കണ്ടെത്തുന്ന ദർശനങ്ങളായുള്ള വായന സാധ്യമാകുന്നതിനൊപ്പം ധ്വനിദർശനത്തിലും തിണസങ്കല്പത്തിലും നിത്യജീവിതവ്യവഹാരങ്ങളുടെ കടന്നുവരവു നിരീക്ഷിക്കുന്നതും സാധ്യമാണ്. നിത്യജീവിതത്തിന്റെ സൗന്ദര്യാംശങ്ങളെ സാഹിത്യാന്തസ്സിലേക്കുയർത്തിയ രചനകളും പലതുണ്ട്. നിത്യജീവിതത്തിന്റെ സൗന്ദര്യം തിരിച്ചറിയപ്പെടേണ്ടത് സാഹിത്യപാരായണങ്ങളെ കൂടുതൽ ജീവിതഗന്ധിയാക്കുന്നതിനും ജീവിതത്തെ കൂടുതൽ സൗന്ദര്യവത്താക്കുന്നതിനും ഉപകരിക്കും.

**താക്കോൽ വാക്കുകൾ:-** നിത്യവൃത്തി - സൗന്ദര്യശാസ്ത്രം - മാർക്സിസം - മനോവിശ്ലേഷണം - ധ്വനി - തിണസങ്കൽപം

കലാരൂപങ്ങളുടെയും സാഹിത്യരചനകളുടെയും അന്തര്യാമിയായി വർത്തിക്കുന്ന സൗന്ദര്യതത്ത്വങ്ങളെ സ്വകീയമായ ദർശനങ്ങളിൽ ചിന്തകർ അവതരിപ്പിച്ചിട്ടുണ്ട്. 'കാവ്യം ഗ്രാഹ്യമലങ്കാരാത്/സൗന്ദര്യമലങ്കാരഹഃ' എന്ന വാമനവീക്ഷണത്തിൽ കാവ്യത്തിന്റെ സൗന്ദര്യമായി കരുതുന്നത് അലങ്കാരങ്ങളെയാണ്. സൗന്ദര്യമെന്നത് നിത്യജീവിതബാഹ്യമായ ഒരു അലൗകികസത്തയാണെന്നും ഉത്തമകലാസൃഷ്ടികളുടെ വ്യാപാരലോകം ഏതോ ഉപരി

* ഗവേഷിക, സെന്റ് തോമസ് കോളേജ് പാലാ ഓട്ടോണമസ്, മലയാള വിഭാഗം

പ്രപഞ്ചമാണെന്നും ഉള്ള ചിന്ത ഏറെ സജീവമായിരുന്നു. ആധുനികതയുടെ വരവോടെ സൗന്ദര്യത്തെ പൊതിഞ്ഞിരുന്ന അഭൗമികതയുടെ തേജോവലയങ്ങൾ മിക്കവയും അഴിഞ്ഞുവീണു. ഉത്തരാധുനികതയിൽ ചെറുതുകളുടെ സൗന്ദര്യവും ദൈനംദിനജീവിതത്തിന്റെ സൗന്ദര്യാംശങ്ങളും കൂടുതൽ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ ചർച്ചകൾക്ക് മുന്നേ നടന്ന ഒരു ആശയമാണ് നിത്യവൃത്തി (everyday). ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ഹെന്റി ലെഫെബ്‌വേയാണ് ഈ സങ്കല്പനത്തിന്റെ ഉപജ്ഞാതാവ്. "വ്യക്തിയുടെ ദൈനംദിനജീവിതത്തിലെ അപ്രധാനസംഭവങ്ങൾക്ക് സംസ്കാരത്തിൽ ലഭിക്കുന്ന പ്രാമുഖ്യത്തെ അടയാളപ്പെടുത്താനാണ് സമകാലികചിന്തകർ ഈ പദമുപയോഗിക്കുന്നത്. ഭൂതകാലത്തിലെ ഗംഭീരവും ഘോഷപൂർണവുമായ സംഭവങ്ങൾ മാത്രമല്ല, വർത്തമാനകാലത്തെ അതിസാധാരണമായ ദൈനംദിനസംഭവങ്ങളും വ്യക്ത്യനുഭവത്തെ അഗാധമായി സ്പർശിക്കും എന്നതാണ് നിത്യവൃത്തി സിദ്ധാന്തത്തിന്റെ കാതൽ." (അജു കെ. നാരായണൻ, 2017:202)

നിത്യവൃത്തിയിലാണ് സൗന്ദര്യം കുടികൊള്ളുന്നത്. അതിനെ ഭാഷയുടെ പരിപുഷ്ടരൂപങ്ങൾ ഉപയോഗിച്ച് ഉദാത്തീകരിച്ച് അവതരിപ്പിക്കുന്നവയത്രേ ഉത്തമകലാസൃഷ്ടികൾ. കാലത്തെ കടന്നുനിൽക്കുന്ന കൃതികളെല്ലാം നിത്യജീവിതത്തിന്റെ അംശങ്ങൾ യാഥാതഥ്യബോധത്തോടെ വിളങ്ങിനിൽക്കുന്നവയാവും. ഭാവനയുടെ മേൽക്കൈ അവയുടെ സത്യഭാവത്തെ തീവ്രതരമാക്കാൻ ഉപയോഗിച്ചിട്ടുണ്ടാവാം എന്നു മാത്രം. സാമ്പ്രദായിക തത്ത്വചിന്തയുടെയും സൗന്ദര്യശാസ്ത്രത്തിന്റെയും സീമകൾക്കു വെളിയിലാണ് നിത്യവൃത്തിയുടെ ഇടം. ഭൂതകാലത്തിന്റെ ഗരിമയിലും കാലത്തിന്റെ സ്ഥിരതയിലും മാത്രം അഭിരമിക്കാതെ മുഖ്യധാരാസങ്കല്പങ്ങളുടെ പൂർവധാരണകൾ പലതിനെയും ചോദ്യംചെയ്ത് സമകാലികജീവിതത്തിന്റെ പരിച്ഛേദമായി നിത്യവൃത്തി മാറുന്നു. സാഹിത്യവ്യവഹാരത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈനംദിനജീവിതമാണ് ഒരർത്ഥത്തിൽ നിത്യവൃത്തി. ക്ലാസിക്ഘട്ടത്തിൽ, ഈശ്വരന്മാരും സർവശക്തരായ പുരുഷന്മാരും കഥാപാത്രങ്ങളായിരുന്ന ഹോമറിന്റെ സൃഷ്ടികളും 'ധീരോദാത്തൻ അതിപ്രതാപഗുണവാൻ വിഖ്യാതവംശൻ ധരാപാലൻ' നായകനായുള്ള ഭാരതീയനാടകങ്ങളും നിത്യജീവിതത്തിൽനിന്ന് വലിയ അകലം പുലർത്തിയിരുന്നു. ഇഹലോകത്തെ തിരസ്കരിച്ചുകൊണ്ട് ഭാവനയുടെ അതീന്ദ്രിയലോകത്ത് ഉഡ്ഡയനം ചെയ്യുന്നയാളാണ് കവി എന്ന റൊമാന്റിക് സങ്കല്പത്തിലും 'മനം നോക്കി'യും 'മാനം നോക്കി'യുമാണ് സാഹിത്യലോകമേറെയും വ്യാപരിച്ചത്. അക്കാലഘട്ടത്തിലും പക്ഷേ, സാധാരണത്വം ഭാഷയിൽ പുലർത്തേണ്ടതിനെപ്പറ്റി വേർഡ്‌സ്‌വർത്ത് സംസാരിച്ചിട്ടുണ്ട് എന്നത് സ്മരണീയമാണ്. ജീവിക്കുന്ന കാലത്തിന്റെ അടയാളങ്ങൾ കലാസൃഷ്ടിയിൽ സന്നിഹിതമാക്കുന്ന 'നിത്യവൃത്തി'യുടെ ലക്ഷണങ്ങൾ റിയലിസം ഒട്ടൊക്കെ പ്രദർശിപ്പിക്കുന്നുണ്ട്. ശ്രേഷ്ഠസന്ദർഭങ്ങളോ വൈകാരികമുഹൂർത്തങ്ങളോ സാമാന്യേതരരായ കഥാപാത്രങ്ങളോ ഇല്ലാതെതന്നെ വർത്തമാനകാലത്തെ സാദാനിമിഷങ്ങളിൽനിന്ന് ഒരു കഥയ്ക്ക് വിരിയുന്നതിനുള്ള ചൂട് സ്വരൂപിക്കാനാവും എന്നതിന്റെ നിദർശനങ്ങൾ യഥാതഥകാലഘട്ടം മുതലിങ്ങോട്ട് സാഹിത്യലോകത്തിന് ഏറെ ലഭിച്ചിട്ടുണ്ട്.

നവോത്ഥാനകഥയുടെ ശക്തനായ പ്രതിനിധിയായ ബഷീറിന്റെ രചനകളിലെല്ലാം 'നിത്യവൃത്തി' പ്രകടമാണ്. നാടകീയതകളില്ലാത്ത ദിവസങ്ങളെ നേർത്ത ഫലിതത്തിന്റെ ഉപ്പിലിട്ട് രുചികരമാക്കുന്ന തന്ത്രമാണ് ബഷീർ തന്റെ കൃതികളിൽ പരീക്ഷിച്ചിട്ടുള്ളത്. പാത്തുമ്മയുടെ ആട് ഈ രചനാകൗശലത്തിന്റെ ഉത്തമ ഉദാഹരണമാണ്. മുറുക്കമുള്ള കഥാഘടനയല്ല, ശിഥിലവും അയഞ്ഞതുമായ ഘടനയാണ് നിത്യവൃത്തിയെ പാഠത്തിനുള്ളിലേക്ക് അനായാസം പ്രവേശിപ്പിക്കുന്നതിനായി ബഷീർ സ്വീകരിച്ചിട്ടുള്ളത്.'ജന്മദിനം' എന്ന കഥയിൽ മണിക്കൂറുകൾ മാത്രം ദീർഘിക്കുന്ന സാധാരണ സംഭവങ്ങളുടെ അഥവാ സംഭവമില്ലായ്മകളുടെ മേലാണ് ഇതിവൃത്തം പടർന്നുകയറുന്നത്.ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കഥാകൃത്തുക്കൾ ഏറിയകൂറും 'നിത്യവൃത്തി'യുടെ ഉപാസകരാണ്. വിരസവും സംഭവരഹിതവുമായ നാൾവഴികളിലേക്ക് ഭാഷയുടെ ലാവണ്യാത്മകശ്വാസമൂതി ഭാവനയുടെ മജ്ജയും മാംസവും പൊതിഞ്ഞ് ജീവൻ നൽകുന്ന പ്രക്രിയയാണ് അവർക്കു കഥയെഴുത്ത്. 'ഉണ്ണിക്കുട്ടന്റെ/അമ്മയുടെ ഒരു ദിവസം' എന്ന കഥയിൽ ഗീതാഹിരണ്യൻ ഉദ്യോഗസ്ഥയും അമ്മയും ആയ ഒരെഴുത്തുകാരിയുടെ

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


പ്രത്യേകതകളേതുമില്ലാത്ത ഒരു സാധാരണദിവസത്തെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ആകസ്മികതകളോ വഴിത്തിരിവുകളോ വൈകാരികവേലിയേറ്റങ്ങളോ ഒന്നുമില്ലാതെ നിത്യജീവിതത്തിന്റെ നനുത്തഭാവങ്ങൾ പേറി കഥ ഗമിക്കുന്നത് 'നിത്യവൃത്തി' സാഹിത്യമാകുന്നതിന്റെ മികവുറ്റ ഉദാഹരണമാണ്. നിത്യജീവിതത്തിൽ നിരന്തരം കേൾക്കുന്ന രാഷ്ട്രീയ പ്രചാരണങ്ങൾക്ക് മനുഷ്യരുടെ മനസ്സിനെ സ്വാധീനിക്കുകയും അവരുടെ ചിന്താരീതിയെ അവരറിയാതെ പരിവർത്തനപ്പെടുത്തുകയും ചെയ്യാനാവും. ദൈനംദിനജീവിതത്തിൽ വെറുതെ കേട്ടുകടന്നുപോകുന്ന ചിലത് ഒരു ജനതയുടെ മനോനിലയെ സംസ്കാരത്തെ സ്വാധീനിക്കുന്ന ശക്തിയായി മാറുന്നത് 'പാലു പിരിയുന്ന കാലം' എന്ന കഥയിൽ എൻ.എസ്. മാധവൻ വിവരിക്കുന്നുണ്ട്. 'അന്തരീക്ഷം' മനുഷ്യഹത്യ നടത്താൻ മാത്രം ശക്തമാകുന്ന കാലകാലുഷ്യത്തെ അഭിസംബോധന ചെയ്യുന്ന എൻ.എസ്. മാധവൻ 'നിത്യവൃത്തി'യുടെ പ്രത്യയശാസ്ത്രത്തെ സൂക്ഷ്മമായി അനുധാവനം ചെയ്യുകയാണ്. നവീനസാഹിത്യത്തിന്റെ കാതലായി 'നിത്യവൃത്തി' മാറിക്കൊണ്ടിരിക്കുന്നു. നിസ്സാരസംഭവങ്ങളുടെ സാരസത്തയും അവയ്ക്കു പിന്നിലെ പ്രത്യയശാസ്ത്രവും അവയിലൂടെ പ്രകടമാകുന്ന രാഷ്ട്രീയവും ഉൾപ്പെടെ ക്ഷുദ്രതയുടെ ഗഹനതയായി 'നിത്യവൃത്തി' ആഖ്യാനങ്ങൾ അടയാളപ്പെടുത്തപ്പെടുന്നു.

"വർത്തമാനകാലത്തെ സ്ഥല-കാല മുദ്രകൾ സൂക്ഷ്മരൂപത്തിൽ കലാസൃഷ്ടിയിൽ സന്നിഹിതമാകുന്നതാണ് നിത്യവൃത്തിയുടെ ലക്ഷണമെങ്കിൽ ആധുനികതയുടെ സ്വന്തം കലയായ സിനിമയിലാവും നിത്യവൃത്തി ഏറ്റവും തീക്ഷ്ണവും സാന്ദ്രവുമായ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് (അജു കെ. നാരായണൻ, 2017:208). ക്രമഭംഗത്തിനും ഒരു സൗന്ദര്യമുണ്ട്. മലയാളിയുടെ സിനിമാബോധ്യങ്ങളെ തിരുത്തിയെഴുതാൻ പ്രേരിപ്പിച്ച 'കുമ്പളങ്ങി നൈറ്റ്സ്' (2019) ഒരു പുതിയ സൗന്ദര്യബോധത്തിന്റെ അവതരണവും നിർവഹിച്ചിരിക്കുന്നു. സൗന്ദര്യത്തിന്റെ ചിട്ടയൊത്ത വഴികളിൽ സാമ്പ്രദായിക സങ്കല്പങ്ങളിൽ അഭിരമിച്ചു ജീവിക്കുന്ന ഷമ്മിയും കുത്തഴിഞ്ഞ ജീവിതവും 'വൃത്തിഹീന'മായ സാഹചര്യങ്ങളുമായി നിലനിൽക്കുന്ന ബോബിയും തമ്മിലുള്ള സംഘർഷത്തിൽ കായലരികത്തെ, ജീവിതങ്ങൾ തിങ്ങിനിറഞ്ഞ കൊച്ചുവീടിന്റെയും അവിടുത്തെ പാർപ്പുകാരുടെയും 'അ'ക്രമജീവിതത്തിന്റെ ഭംഗിയിലാണ് സംവിധായകൻ പക്ഷം ചേരുന്നത്. അസാധരണത്വങ്ങളില്ലാതെ അവരുടെ ജീവിതത്തിന്റെ ദൈനംദിനവൃത്തികളിലൂടെ കഥ പുരോഗമിക്കുന്ന കുമ്പളങ്ങി നൈറ്റ്സിൽ നിത്യവൃത്തിയുടെ സൗന്ദര്യാത്മകത തിളങ്ങിനിൽക്കുന്നു. ഭാഷയിൽ ചതുരവടിവൊക്കാത്ത സ്വാഭാവികസംസാരശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. ജീവിതത്തിന്റെ ജൈവികത ഭാഷയുടെ താളമായിത്തീരുന്നത് ഇത്തരം ചലച്ചിത്രങ്ങളുടെ സവിശേഷതയാണ്. പിടിച്ചുപിടിച്ചു പറയാതെ ഒഴുക്കിവിടുന്ന ഭാഷ നിത്യവൃത്തിയുടെ നൈരന്തര്യത്തിന്റെ പ്രതീകം കൂടിയാണ്. നിത്യവൃത്തിയുടെ പ്രതിനിധാനം വ്യത്യസ്തരീതിയിൽ നിർവഹിക്കുന്ന കലാമാധ്യമം എന്ന നിലയിൽ പരിഗണനീയമാണ് നവീനചലച്ചിത്രങ്ങൾ.

ദാർശനികലോകം ലെഫെബ്വെക്കു മുമ്പ് നിത്യവൃത്തിയുടെ പ്രാധാന്യം രേഖപ്പെടുത്തിയിട്ടില്ലേ എന്ന അന്വേഷണം സംഗതമാണ്. നിത്യവൃത്തിയെ ഇത്ര ദാർശനികമായി മുമ്പു പരിഗണിച്ചിട്ടില്ല എങ്കിലും നിത്യവൃത്തിയുടെ മൂലകങ്ങളെ ചിന്തയുടെ കേന്ദ്രമാക്കി മാറ്റിയ ദർശനങ്ങൾ ചിലതുണ്ട്. മാർക്സ് തൊഴിലിനെയാണ് തന്റെ ആശയങ്ങളുടെ കേന്ദ്രബിന്ദുവായി സ്വീകരിച്ചത്. നിത്യവൃത്തിയുടെ പ്രധാനഘടകമാണ് തൊഴിൽ. ദിവസവും ആവർത്തിക്കുന്ന തൊഴിലും പുതുമലില്ലാത്ത തൊഴിലിടങ്ങളും 'നിത്യവൃത്തി'യുടെ ആശയാവലിയിൽ മുഖ്യമാണ്. മാർക്സിസമാണ് തൊഴിലിന് ഒരു ദർശനപരിവേഷം നൽകുന്നത്. ഫ്രോയിഡും മനോവിശ്ലേഷണവുമാണ് ലൈംഗികതയ്ക്ക് ദാർശനികമാനം പകർന്നത്. ലൈംഗികത നിത്യവൃത്തിയുടെ ഒരു സ്വാഭാവികഅംശമാണ്. അതിന്റെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു സ്ഥിതിക്കു ഹേതു ചിന്തകരുടെ നിരീക്ഷണങ്ങൾ തന്നെയാണ്. ഭാരതീയദർശനങ്ങളിൽ മൗലികത്വം പുലർത്തുന്ന 'ധ്വനി'യിൽ ആശയവൈശദ്യത്തിനായി ആനന്ദവർദ്ധനൻ ഉപയോഗിക്കുന്ന ഉദാഹരണങ്ങളിൽ പലതും ലൈംഗികതയുമായി ബന്ധമുള്ളവയാണ്. ശാരീരികകാമനകളെ ആവിഷ്കരിക്കുന്നതിന്റെ ധ്വനിഭംഗി അവയിൽ ജ്വലിക്കുന്നു. തമിഴ്സൗന്ദര്യബോധത്തിന്റെ

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


തനത് സൃഷ്ടിയാണ് തിണസങ്കല്പം. മുല്ലൈ, പാലൈ, മരുതം, കുറിഞ്ചി, നെയ്തൽ – ഐന്തിണകളിൽ നടക്കുന്ന ദൈനംദിന തൊഴിലുകളും പ്രണയത്തിന്റെ ഭിന്നാവസ്ഥകളും കൊച്ചുകൊച്ചു കലഹങ്ങളും ഒക്കെ സമന്വയിക്കുന്ന 'നിത്യവൃത്തി'യാണ് അവിടെ അകംകവിതകളെ മെനഞ്ഞിട്ടുള്ളത്. ലൗകികതയ്ക്ക്, ഐഹികജീവിതത്തിന്റെ 'നിത്യവൃത്തി'ക്ക്, ഇത്ര പ്രാധാന്യം നൽകിയിട്ടുള്ള മറ്റൊരു സിദ്ധാന്തവുമുണ്ടാവില്ല. സാധാരണത്വത്തിന്റെ ദാർശനികതലങ്ങൾ ആരായുന്ന ഇത്തരം ദർശനങ്ങളുടെ വികസിതരൂപമാണ് 'നിത്യവൃത്തി'.

ക്ഷണികവും നശ്വരവുമായ വർത്തമാനകാലാവസ്ഥ ശ്രദ്ധാകേന്ദ്രമായിത്തീരുന്നത് ആധുനികതയുടെ ഒരു സവിശേഷതയായിരുന്നു. ലോകം കൂടുതൽ ദാർശനികമായ ആ കാലഘട്ടത്തിന്റെ മറുപുറത്ത് ദർശനം കൂടുതൽ ലൗകികമാവുകയും ചെയ്യുന്നുണ്ട്. "നിസ്സാരമായത് രേഖപ്പെടുത്തുന്നതാണ് നിത്യവൃത്തി ആഖ്യാനത്തിന്റെ ഒരു പ്രധാനപ്പെട്ട ധർമ്മമെങ്കിൽ രേഖപ്പെടുത്തുന്നതോടെ നിസ്സാരമായത് സാരവത്തായി മാറും എന്ന വൈരുദ്ധ്യമാണ് നിത്യവൃത്തി സിദ്ധാന്തം നേരിടുന്ന മുഖ്യമായ വെല്ലുവിളി." (210). അർത്ഥശൂന്യമായ പ്രതീക്ഷയിലും അതികഠിനമായ വിരസതയിലും പുതഞ്ഞ വിമലടീച്ചറുടെ അവധിക്കാലത്തെ നോവലായി വികസിപ്പിച്ച എം.ടിയും, "Nothing Happens, Nobody Comes, Nobody Goes" എന്ന് മുഷിപ്പൻ ജീവിതാവസ്ഥയെ കുറിച്ച സാമുവൽ ബെക്കറ്റും ഈ വെല്ലുവിളിയെ സാധ്യതയായെടുത്ത് നിത്യവൃത്തിയുടെ ദാർശനികസൗന്ദര്യം തൊട്ടറിഞ്ഞവരാണ്. ദൈനംദിനത്വത്തിന്റെ മടുപ്പും വൈരസ്യവും ആവർത്തനവും സൗന്ദര്യാത്മകമായി രേഖപ്പെടുത്തുകയും നൈമിഷികമായ വർത്തമാനത്തിൽ ഊന്നിനിന്നുകൊണ്ട് അതിന്റെ ദാർശനികഗരിമ നിസ്സാരമായി കണ്ടെടുക്കുകയും ചെയ്യുന്ന നിത്യവൃത്തി. സമാനഘടനയുള്ള ദിനസരി എന്നും പുലർന്നേണ്ടിവരുന്ന സമകാല ജീവിതാവസ്ഥയിൽ പര്യാലോചനകളുണ്ടാവേണ്ട സങ്കല്പനമായി സാധ്യതകളുടെ താക്കോൽപ്പഴുതുമായി അതു നിലകൊള്ളുന്നു. നവീനസൗന്ദര്യബോധത്തിന്റെ ചാവി തിരിച്ച് അതിലേക്ക് പ്രവേശിക്കുകയാണ് കരണീയമായ കർമ്മം!!!

## സഹായക ഗ്രന്ഥങ്ങൾ


1. മാധവൻ എൻ. എസ്, പാല്പ പിരിയുന്ന കാലം, മാതൃഭൂമി, 2020 ജനവരി 26.
2. മേനോൻ, വിജയകുമാർ 2015, എറണാകുളം: കേരളസാഹിത്യഅക്കാദമി.
3. നാരായണൻ, അജ്ജു കെ., 2017, താക്കോൽ വാക്കുകൾ, ആലുവ: ഭൂമിമലയാളം ജേർണൽ
4. ലെഫെബ്‌വേ, ഹെന്റി, 1991, ദി ക്രിട്ടിക് ഓഫ് എവ്‌രി ഡേ ലൈഫ്, ലണ്ടൻ: വേർസോ.